പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4449 | 27/06/2013 -ൽ മറുപടിക്ക്

## ഭാഗപത്രങ്ങളുടെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ഷാഫി പറമ്പിൽ<br>,, അൻവർ സാദത്ത്<br>,, ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭാഗപത്രങ്ങളുടെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്.<br>18/4/2012-ലെ ജി.ഒ.(പി) നം. 73/2012/റ്റി.ഡി., 22/8/12ലെ ജി.ഒ.(പി) 149/2012/റ്റി.ഡി. എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം, കുടുംബാംഗങ്ങൾ (അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ)ക്കിടയിലുള്ള ഭാഗപത്ര ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിരക്ക് 1% എന്നതിന് വിധേയമായി, പരമാവധി 25,000/- രൂപയായി കുറവു വരുത്തി ഉത്തരവായിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗ ഉടമ്പടിയിന്മേൽ ഉയർന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. |

| | | |
|---|---|---|
| സി) | ഇവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട് ? | സി) 18/4/2012-ലെ ജി.ഒ.(പി) നം. 73/2012/റ്റി.ഡി, 22/8/12-ലെ ജി.ഒ.(പി) 149/2012/റ്റി.ഡി. എന്നീ നമ്പർ ഉത്തരവുകൾ മുഖേന, രജിസ്ട്രേഷൻ ഫീസ് പട്ടികയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.